# കേരള നിയമസഭ

## 17.07.2012 -ലെ മറുപടിക്ക്

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പൊതു സർവീസ്**

7527 ശ്രീ. എ. കെ. ബാലൻ
,, ജി. സുധാകരൻ
,, കെ. കെ. ജയചന്ദ്രൻ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പൊതു സർവ്വീസ് ഏർപ്പെടുത്താനുള്ള നടപടികളിൽ നിന്നും സർക്കാർ പിന്മാറിയത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ;

(ബി) അധികാര വികേന്ദ്രീകരണവും പഞ്ചായത്ത്രാജ് സംവിധാനവും ഫലപ്രദമാകുന്നതിനും ഭരണഘടനയുടെ അന്ത:സത്തക്കനുസൃതമായി വളർത്തുന്നതിനും പൊതുസർവ്വീസ് അനിവാര്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**തെരുവു വിളക്കുകൾ പ്രവർത്തിപ്പിക്കാൻ നടപടി**

7528 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ തെരുവ് വിളക്കുകൾ കത്താത്ത പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിന് പഞ്ചായത്ത് കെ.എസ്.ഇ.ബി. തലത്തിൽ തീർപ്പുണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) നിലവിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും ഉള്ള അധികാരം ആർക്കാണ് എന്ന് വ്യക്തമാക്കുമോ;

(സി) പഞ്ചായത്ത് തലത്തിൽ തെരുവുവിളക്കുകൾക്ക് ഇലക്ട്രോണിക് മീറ്റർ സ്ഥാപിച്ച് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കണക്ക് പരിശോധനയ്ക്ക് സ്ക്വാഡുകൾ**

7529 ശ്രീ. വി. പി. സജീന്ദ്രൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കണക്കുകൾ പരിശോധിക്കുവാൻ മിന്നൽ പരിശോധന സ്ക്വാഡുകൾ രൂപവല്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്ക്വാഡുകളുടെ പ്രവർത്തനരീതിയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സ്ക്വാഡുകൾ കണ്ടെത്തുന്ന വീഴ്ചകളിന്മേലുള്ള തുടർ നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**

**17.07.2012 -ലെ മറുപടിക്ക്**

**<u>പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് സബ്കമ്മിറ്റി</u>**

**7530 ശ്രീ. പി. ബി. അബ്ദുൾ റസാക്**
**,, സി. മമ്മൂട്ടി**
**,, റ്റി. എ അഹമ്മദ് കബീർ**
**,, കെ. എം. ഷാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതു സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നോ;

(ബി) എങ്കിൽ സബ്കമ്മിറ്റി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) സ്റ്റാഫ് പാറ്റേൺ എന്നത്തേയ്ക്ക് പുതുക്കി നിശ്ചയിക്കാനാവുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണം**

**7531 ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടെയും മറ്റു ജീവനക്കാരുടേയും പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അടിയന്തിരമായി ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിനും റിട്ടയർമെന്റ് ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**പ്ലാസ്റ്റിക് ഉല്‍പ്പന്നങ്ങള്‍ക്ക് അധിക നികുതി ഏര്‍പ്പെടുത്താനും പുനഃചംക്രമണശാലകള്‍ക്ക് നികുതിയിളവ് നല്‍കാനും നടപടി**

**7532 ശ്രീ. എം. എ. ബേബി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പ്ലാസ്റ്റിക് ക്യാരിബാഗ്, പ്ലാസ്റ്റിക് കവറുകള്‍, തെര്‍മോകോള്‍ എന്നിവയ്ക്ക് അധിക നികുതി ഏര്‍പ്പെടുത്തി ഇവയുടെ ഉപയോഗം കുറയ്ക്കുവാനുളള നടപടി സ്വീകരിക്കുമോ ;

(ബി) പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റുകള്‍ക്ക് നികുതി ഇളവ് അടക്കമുളള കാര്യങ്ങള്‍ പരിശോധിക്കുമോ ;

(സി) തുണി, ചണം മറ്റു ജൈവോല്പന്നങ്ങള്‍ എന്നിവ ഉപയോഗിച്ചു നിര്‍മ്മിക്കുന്ന സഞ്ചികള്‍ക്കും അനുബന്ധ സാധനങ്ങള്‍ക്കും നികുതി ഇളവ് നല്‍കുന്നതോടൊപ്പം ഇത്തരം യൂണിറ്റുകള്‍ ആരംഭിക്കുന്നതിന് പ്രോത്സാഹനം നല്‍കുന്ന കാര്യം പരിഗണിക്കുമോ ?

(ഡി) നശിക്കാത്തതും കത്തിക്കുമ്പോള്‍ ഹാനികരമായ വാതകം ഉല്‍പ്പാദിപ്പിക്കുന്നതുമായ തെര്‍മോക്കോള്‍, സ്റ്റെറോഫോം തുടങ്ങിയവയുടെ വിപണനം നിരോധിക്കുകയോ അവയുടെ മേല്‍ അധിക നികുതി ഏര്‍പ്പെടുത്തുകയോ ചെയ്യുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**<u>പഞ്ചായത്തുകളിൽ പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കാൻ നടപടി</u>**

**7533**

**ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലും കോർപ്പറേഷനുകളിലും നടപ്പാക്കി വരുന്ന പ്ലാസ്റ്റിക് നിരോധനം പഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര മൈക്രോണിൽ താഴെ കനമുളള പ്ലാസ്റ്റിക് ബാഗുകളാണ് പൂർണ്ണമായും നിരോധിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുളള പ്ലാസ്റ്റിക് ശേഖരിക്കാനും തരംതിരിക്കാനും കുടുംബശ്രീ തൊഴിലാളികളെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നുളള പ്ലാസ്റ്റിക് തടയാൻ എന്തൊക്കെ സംവിധാനങ്ങൾ പഞ്ചായത്തുകളിൽ നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്ലാസ്റ്റിക് നിരോധനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ആക്ടിന്റെ 219-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുവോ; എങ്കിൽ എപ്രകാരമുളള ഭേദഗതിയാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**തൊഴിൽ നികുതി നിരക്കുകൾ**

**7534** **ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന തൊഴിൽ നികുതിയുടെ നിലവിലെ സ്ലാബ് നിരക്കുകൾ വ്യക്തമാക്കുമോ;**

(ബി) **ഉയർന്ന സ്കെയിലും താഴ്ന്ന സ്കെയിലും തമ്മിൽ ശരിയായ അനുപാതത്തിലാണോ നിലവിലെ സ്ലാബ് നിരക്കുകൾ എന്ന് കരുതുന്നുണ്ടോ; ഇതുമൂലം തദ്ദേശ സ്ഥാപനങ്ങൾക്കുണ്ടാകുന്ന നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ലാബ് പുതുക്കി നിശ്ചയിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ?**

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**<u>പഞ്ചായത്ത് പ്രദേശങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ</u>**

**7535 ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പല പഞ്ചായത്തുകളിലും ശുചീകരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ യോഗ്യരായ ജീവനക്കാരില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തുനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>മാലിന്യസംസ്കരണം</u>

7536 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പരിസര ശുചിത്വം, മാലിന്യസംസ്കരണം തുടങ്ങിയ വിഷയങ്ങളിൽ ബോധവത്കരണത്തിനായി ഏതെങ്കിലും പദ്ധതികളോ പ്രചാരണങ്ങളോ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ;

(സി) മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ബയോഗ്യാസ് പ്ലാന്റുകൾക്ക് നിലവിൽ നൽകുന്ന സബ്സിഡി ആനുകൂല്യം പ്രസ്തുത പ്ലാന്റുകളുടെ വിലവർദ്ധിപ്പിക്കലിലൂടെ ഏജൻസികൾ നടത്തുന്ന ചൂഷണത്തിനെതിരെ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>മദ്യവിമുക്തി നേടിയവരുടെ പുനരധിവാസം</u>**

T7537 ശ്രീ. ആര്‍. സെല്‍വരാജ്
,, ഡൊമിനിക് പ്രസന്റേഷന്‍
,, ജോസഫ് വാഴക്കന്‍
,, റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മദ്യവിമുക്തി നേടിയവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കില്‍ വിശദാംശം നല്കാമോ;

(ബി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സന്നദ്ധ പ്രവര്‍ത്തകരുടെ സഹായത്തോടെ മദ്യവിമുക്തി നേടിയവരെ പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**വനത്തിൽ ജൈവവള നിർമ്മാണ പദ്ധതി**

T 7538 **ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**
**,, ഹൈബി ഈഡൻ**
**,, എ. റ്റി. ജോർജ്**
**,, എ. പി. അബ്ദുള്ളക്കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്തെ പഞ്ചായത്തുകളിൽ നിന്നുള്ള മാലിന്യം ശേഖരിച്ച് വനത്തിലെത്തിച്ച് ജൈവവളം നിർമ്മിക്കുന്ന പദ്ധതിയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ;**

(ബി) **പ്രസ്തുത പദ്ധതിയുടെ പ്രവർത്തനരീതി വിശദമാക്കുമോ ;**

(സി) **പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ;**

(ഡി) **ഏതെല്ലാം ഏജൻസികളുമായി ചേർന്നാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത് ?**

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**എല്ലാ പഞ്ചായത്തുകളിലും അറവുശാലകള്‍**

**7539 ശ്രീ. എം. എ. ബേബി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **കേരളത്തിലെ ഓരോ പഞ്ചായത്തിലും ഒരു അംഗീകൃത അറവുശാലയെങ്കിലും നിര്‍ബന്ധമായും ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;**

(ബി) **അറവുശാലകളില്‍ ഉത്പാദിപ്പിക്കുന്ന മാലിന്യം അവിടെ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം കര്‍ശനമാക്കുമോ;**

(സി) **അനധികൃതമായി പ്രവര്‍ത്തിക്കുന്ന അറവുശാലകള്‍ക്കെതിരെ ഇതുവരെ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കുമോ;**

(ഡി) **അനധികൃത അറവുശാലകള്‍ മൂലം സംസ്ഥാനത്ത് മാലിന്യ നിക്ഷേപം വര്‍ദ്ധിക്കുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;**

(ഇ) **അനധികൃത അറവുശാലകള്‍ക്കെതിരെ ക്രിമിനല്‍ കേസടക്കമുള്ള നടപടികളെടുക്കാവുന്ന രീതിയില്‍ നിലവിലെ നിയമങ്ങളില്‍ ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കുമോ?**

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**കോഴിവിൽപനശാലകൾക്കും അറവുശാലകൾക്കും ലൈസൻസ് നല്കാൻ വ്യവസ്ഥ**

7540

ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോഴിവില്പനശാലകൾ, അറവുശാലകൾ എന്നിവയ്ക്ക് ലൈസൻസ് നൽകുമ്പോൾ ബയോഗ്യാസ് പ്ലാന്റ്, മാലിന്യ സംസ്ക്കരണ പ്ലാൻറ് എന്നിവ ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ കർശനമാക്കാനുളള നടപടികൾ സ്വീകരിക്കുമോ;

(ബി) നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ ഇല്ലാത്ത കോഴി വില്പനശാലകൾ, അറവുശാലകൾ തുടങ്ങിയവയ്ക്ക് അവ ഏർപ്പെടുത്താനുളള നിർദ്ദേശങ്ങൾ നൽകുമോ;

(സി) എങ്കിൽ നിർദ്ദേശം ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ പൊതുമാർക്കറ്റുകളിൽ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ആധുനിക സൗകര്യങ്ങളോടുകൂടിയ അറവുശാലകൾ**

7541 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഭൂരിഭാഗം പഞ്ചായത്തുകളിലും ആധുനിക സൗകര്യങ്ങളോടുകൂടിയ അറവുശാലകൾ നിലവിലില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തുനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) അനധികൃതമായി പ്രവർത്തിക്കുന്ന അറവുശാലകൾ നിയന്ത്രിക്കുന്നതിന് പഞ്ചായത്ത് പ്രദേശങ്ങളിൽ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**രണ്ടു പഞ്ചായത്തുകൾക്ക് ഒരു ശ്മശാനം എന്ന പദ്ധതി**

**7542 ശ്രീ. എം. എ. ബേബി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) രണ്ടു പഞ്ചായത്തുകൾക്ക് കുറഞ്ഞത് ഒരു ശ്മശാനം എന്ന രീതിയിൽ സംസ്ഥാനത്ത് പൊതു ശ്മശാനം ആരംഭിക്കുന്ന കാര്യം പരിശോധിക്കുമോ ;

(ബി) നിലവിൽ ഇത്തരത്തിലുള്ള ഏതെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ ;

(സി) ശവശരീരം അടക്കം ചെയ്യുന്നതിൽ ജനങ്ങൾ നേരിട്ട ബുദ്ധിമുട്ടുകളെ സംബന്ധിച്ച് ഏതെങ്കിലും സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മേൽവിഷയം സംബന്ധിച്ച് ഏതെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൊതുശ്മശാനം</u>**

**7543** **ശ്രീ. എ. എ. അസീസ്**
**,, കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ എത്ര എണ്ണത്തിന്റെ നിയന്ത്രണത്തിൽ ശ്മശാനങ്ങളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;**

(ബി) **എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;**

(സി) **എങ്കിൽ എന്തൊക്കെ തുടർനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**പ്രാദേശിക വികസന പദ്ധതിയിനത്തിൽ തുക അനുവദിക്കുന്നത്**

**7544** **ശ്രീ. കെ.വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012-13-ൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശിക വികസന പരിപാടികൾക്കുള്ള പദ്ധതിയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക എത്രയെന്നറിയിക്കുമോ;

(ബി) പ്രാദേശിക വികസന പരിപാടികൾക്കുള്ള പദ്ധതി വിഹിതം ഉപയോഗിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ;

(സി) പ്രാദേശിക വികസന പരിപാടികൾക്കുള്ള പദ്ധതി വിഹിതത്തിൽ എത്ര തുക നാളിതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടെന്നറിയിക്കുമോ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**തദ്ദേശസ്ഥാപനങ്ങളുടെ പന്ത്രണ്ടാം പദ്ധതിയുടെ മാർഗ്ഗരേഖ**

**7545 ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങളുടെ പന്ത്രണ്ടാം പദ്ധതി രൂപവത്ക്കരണത്തിനായി പുറത്തിറക്കിയ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ വീടില്ലാത്ത പാവപ്പെട്ടവരെ ദോഷകരമായി ബാധിക്കും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഭവനനിർമ്മാണ പദ്ധതികളുടെ കുടിശ്ശിക വിതരണം മുടങ്ങിയേക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടിശ്ശിക വിതരണം മുടങ്ങാതിരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

(സി) മിക്ക പഞ്ചായത്തുകളിലും ഭവന നിർമ്മാണ പദ്ധതി മുടങ്ങിയേക്കുമെന്ന ആശങ്ക ശ്രദ്ധയിലുണ്ടോ ; വിശദമാക്കാമോ ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദിക്കാനുള്ള തുക**

7546 **ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ് ഭവന പദ്ധതി പ്രകാരം തുക അനുവദിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതും എന്നാൽ തുടർ നിർമ്മാണത്തിന് തുക ലഭിക്കാതെ പാതിവഴിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചിരിക്കുന്നതുമായ ഭവനങ്ങൾ പൂർത്തിയാക്കുന്നതിനായി ഗുണഭോക്താക്കൾക്ക് തുക ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇ.എം.എസ് ഭവന പദ്ധതിയ്ക്ക് പകരമായി ആവിഷ്കരിച്ചിട്ടുള്ള പുതിയ ഭവന നിർമ്മാണ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ഇ.എം.എസ്. ഭവന പദ്ധതി**

7547 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ്. ഭവന പദ്ധതിപ്രകാരം വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത ഗുണഭോക്താക്കൾക്ക് എന്തെങ്കിലും ധന സഹായം നൽകുവാൻ പദ്ധതിയുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കുന്നതിനായി പുതിയ ഭവനപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**കുടുംബശ്രീയുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കാന്‍ നടപടി**

**7548**

**ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം കുടുംബശ്രീയുടെ പ്രവര്‍ത്തനങ്ങള്‍ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(ബി) കുടുംബശ്രീയ്ക്ക് സമാനമായി മറ്റേതെങ്കിലും ഏജന്‍സി നിലവിലുള്ള കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) കുടുംബശ്രീയ്ക്കല്ലാതെ സമാനമായ മറ്റ് ഏജന്‍സികള്‍ക്ക് സര്‍ക്കാര്‍ സഹായം നല്‍കുന്നുണ്ടോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**സി.എച്ച്. മുഹമ്മദ്കോയ ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾ**

**7549 ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന സി.എച്ച്. മുഹമ്മദ്കോയ ചാരിറ്റബിൾ ട്രസ്റ്റിന്റെ ഭരണ സമിതി അംഗങ്ങൾ ആരെല്ലാമാണെന്നും ഭാരവാഹികൾ ആരെല്ലാം എന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ട്രസ്റ്റിന്റെ ബൈലോയുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) പ്രസ്തുത ട്രസ്റ്റിന് ഇതുവരെ ഏതെല്ലാം പഞ്ചായത്തുകളിൽ നിന്ന് എത്ര രൂപ വീതം സംഭാവന ലഭിച്ചുവെന്നും, സംഭാവന ഇനത്തിൽ ആകെ എത്ര രൂപ ലഭിച്ചു എന്നും പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

(ഡി) പ്രസ്തുത ട്രസ്റ്റ് ഇതുവരെ നടത്തിയിട്ടുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും വിശദമാക്കാമോ ; പ്രസ്തുത ട്രസ്റ്റിൽ നിന്ന് ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടുള്ളവരുടെ പട്ടിക ലഭ്യമാക്കാമോ ;

(ഇ) ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി പ്രസ്തുത ട്രസ്റ്റ് ഇതുവരെ എത്ര രൂപ ചെലവഴിച്ചു ; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ത്രിതല പഞ്ചായത്ത് പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ അടിസ്ഥാന യോഗ്യതയും കുടുംബശ്രീയുടെ ചുമതലയും**

**7550 ശ്രീ. റ്റി. യു. കുരുവിള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തിലെ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ അടിസ്ഥാന യോഗ്യത ബിരുദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ഈ നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്ക് നല്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) കുടുംബശ്രീ ചാർജ്ജ് വഹിക്കുവാൻ മുഴുവൻ സമയ മെമ്പർ സെക്രട്ടറിമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) നമ്പർ-22512/DA1/12/LSGD സർക്കുലർ പ്രകാരം മാറ്റമില്ലാത്ത സ്പിൽ ഓവർ പ്രോജക്റ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപന തീരുമാന പ്രകാരം തുടർന്ന് നടപ്പിലാക്കാമെന്ന നിർദ്ദേശം ട്രഷറി വകുപ്പിന് നല്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് ട്രഷറി വകുപ്പിന് ആവശ്യമായ നിർദ്ദേശം നല്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**തുടർ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി പ്രേരക്മാരായി ജോലിയെടുക്കുന്നവർ**

T7551 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ തുടർ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി ആകെ എത്ര പേർ പ്രേരക്മാരായി ജോലി നോക്കുന്നുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രേരക്മാർക്ക് ലഭ്യമാക്കുന്ന ഓണറേറിയം തുക വ്യക്തമാക്കാമോ;

(സി) പ്രേരക്മാരായി ജോലിയെടുക്കുന്നവർക്ക് തുച്ഛമായ പ്രതിഫലമാണ് ലഭിക്കുന്നത് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) പ്രേരക്മാരുടെ പ്രതിഫലം വർദ്ധിപ്പിക്കാനോ ഇവരെ സ്ഥിരം ജീവനക്കാരായി പരിഗണിക്കാനോ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**കേടായ തെരുവുവിളക്കുകൾ പ്രവർത്തനക്ഷമമാക്കാൻ നടപടി**

7552 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യത്തിന്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള തെരുവു വിളക്കുകളുടെ റിപ്പയറിംഗും മെയിന്റനൻസും ടെൻണ്ടറിങ്ങിലൂടെ നടപ്പിലാക്കുന്നതിൽ വന്നിട്ടുള്ള കാലതാമസം മൂലം കേടായികിടക്കുന്ന തെരുവുവിളക്കുകൾ നന്നാക്കാൻ സാധിക്കാ ത്തത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**തൃശ്ശൂർ ജില്ലയിലെ ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ**

**7553 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിൽ ശുചിത്വമിഷന്റെ നേതൃത്വത്തിൽ ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദ മാക്കാമോ;

(ബി) തൃശൂർ ജില്ലയിൽ ശുചിത്വമിഷൻ പുതുതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ശുചിത്വ മിഷൻ എയ്ഡഡ് സ്കൂളുകളിൽ പ്രയോജനപ്പെടുത്താൻ നടപടി**

7554 **ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യത്തിന്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ശുചിത്വമിഷൻ പദ്ധതിയുടെ പ്രയോജനം എയ്ഡഡ് സ്കൂളുകൾക്കും ലഭിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**മൊബൈൽ ടവറുകൾ നിർമ്മിക്കുന്നതിനുള്ള അനുമതി**

**7555 ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൊബൈൽ ടവറുകൾ നിർമ്മിക്കുന്നതിനുള്ള അനുമതിയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങൾ നാളിതുവരെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച ഉത്തരവുകളുടെ വിശദാംശങ്ങൾ ആയതിന്റെ പകർപ്പ് സഹിതം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ടവറുകൾ മനുഷ്യർക്കും മറ്റ് ജീവജാലങ്ങൾക്കും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത്തരം ടവറുകൾ ജനവാസകേന്ദ്രങ്ങളിൽ നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുമോ ; ഇതിനായി നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**മൂന്ന് സെന്റിൽ കുറവ് വസ്തു ഉള്ളവർക്ക്**
**കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകാൻ നടപടി**

7556 **ശ്രീ. റ്റി. യു. കുരുവിള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-ലെ ബിൽഡിംഗ് ആക്ട്പ്രകാരം മൂന്ന് സെന്റിൽ കുറവ് വസ്തു ഉള്ളവർക്ക് പഞ്ചായത്ത് പ്രദേശങ്ങളിൽ കെട്ടിടം പണിയുന്നതിനുള്ള ഇളവുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) 2011-ലെ കേരള കെട്ടിടനിർമ്മാണ ചട്ടം നിലവിൽ വരുന്നതിനുമുമ്പ് നഗരപ്രദേശങ്ങളിൽ മൂന്ന് സെന്റിൽ താഴെമാത്രം വസ്തുവുള്ളവർക്ക് നല്കിയിരുന്ന പ്രത്യേക ഇളവുകൾ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇത്തരം ഇളവ് നിലവിൽ വന്നിട്ടും കെട്ടിടനിർമ്മാണ അനുമതി നല്കാതെ ഗുണഭോക്താക്കളെ പഞ്ചായത്ത് അധികൃതർ ബുദ്ധിമുട്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇത്തരം കേസ്സുകളിൽ തീരുമാനം എടുക്കുന്നതിൽ ഗുരുതരമായ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) പുതിയ കെട്ടിട നിർമ്മാണ ചട്ടം നിലവിൽവന്നതിനു ശേഷം കെട്ടിടനിർമ്മാണത്തിന് അനുമതി കിട്ടാനുള്ള കാലതാമസം പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**കെട്ടിട നമ്പർ നൽകുന്ന നടപടി**

**7557 ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രമാണത്തിൽ പാടമെന്ന് രേഖപ്പെടുത്തിയിട്ടുള്ള കരഭൂമിയിൽ ചെറിയ വീടുകൾ നിർമ്മിക്കുന്നതിന് നിലവിലെ നിയമവ്യവസ്ഥ പ്രകാരം തടസ്സങ്ങൾ നിലനിൽക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥലങ്ങളിൽ ഇതിനകം നിർമ്മിച്ചിട്ടുള്ള വാസഗൃഹങ്ങൾക്ക് തദ്ദേശസ്ഥാപനങ്ങൾ കെട്ടിട നമ്പർ നൽകി അവയെ അംഗീകരിക്കുമോ;

(സി) നിലവിൽ ഇതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തുമെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>കെട്ടിട നികുതി വര്‍ദ്ധനവ്</u>**

**7558 ശ്രീ. പി. റ്റി. എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കെട്ടിട നികുതി വര്‍ദ്ധനവുമായി ബന്ധപ്പെട്ട് കേരള ബില്‍ഡിംഗ് ഓണേഴ്സ് അസോസിയേഷന്‍ സമര്‍പ്പിച്ച നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എന്ത് നടപടിയാണ് ഇത് സംബന്ധിച്ച് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നത്;

(സി) കോഴിക്കോട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ക്കായുള്ള ട്രൈബ്യൂണല്‍ സ്ഥാപിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**സർക്കാർ ഐ. റ്റി. ഐ. കൾക്ക് പഞ്ചായത്ത് സ്ഥലം നൽകാൻ നടപടി**

**7559 ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ സ്ഥല സൗകര്യങ്ങൾ ലഭ്യമാക്കാത്തത് സർക്കാർ ഐ. റ്റി. ഐ. കളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വന്തമായി കെട്ടിട സൗകര്യങ്ങളില്ലാത്ത സർക്കാർ ഐ. റ്റി. ഐ. കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഐ. സി. വി. റ്റി. യുടെ അംഗീകാരമുള്ള സർട്ടിഫിക്കറ്റ് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന് പരിഹാരം ഉണ്ടാക്കുന്നതിന് പഞ്ചായത്തുകൾക്ക് കർശന നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**പൊഴിയൂർ തീരപ്രദേശത്ത് വീടുകളിൽ ടോയ്‌ലറ്റ് സൗകര്യം**

7560 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ തീരപ്രദേശത്ത് എത്ര വീടുകളാണുള്ളത്;

(ബി) ഇതിൽ ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്ത വീടുകൾ എത്രയാണ്;

(സി) ഇത്തരം വീടുകളിൽ ടോയ്‌ലറ്റ് നിർമ്മിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**മുട്ടാർ ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്കും മെമ്പർമാർക്കും ശമ്പളവും ഓണറേറിയവും**

**7561 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തനത് ഫണ്ടും പൊതു ആവശ്യഫണ്ടും വിനിയോഗിച്ച് ഭരണ ചെലവും നിർബന്ധിതസേവനങ്ങളും നൽകുന്നതിന് കഴിയാത്ത എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) കുട്ടനാട്ടിലെ മുട്ടാർ ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്കും മെമ്പർമാർക്കും ശമ്പളവും ഓണറേറിയവും കുടിശ്ശികയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പഞ്ചായത്തിന് നിലവിൽ വരവ്-ചെലവ് വ്യത്യാസം നികത്തുന്നതിനായി എന്ത് തുക ആവശ്യമുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഈ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 17.07.2012 -ലെ മറുപടിക്ക്

## ജനപ്രതിനിധികൾക്ക് പെൻഷൻ

**7562** **ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പെൻഷൻ നൽകാനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>ഗ്ലോബൽ റൂറൽ മീറ്റിൽ പങ്കെടുക്കുന്ന വകുപ്പുകൾ</u>**

**7563**

**ശ്രീ. എ.എ. അസീസ്**
**,, കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്ലോബൽ റൂറൽ മീറ്റ് എന്ന്, എവിടെ വച്ചാണ് സംഘടിപ്പിക്കുന്നത്;

(ബി) ഏതൊക്കെ വകുപ്പുകളാണ് ഈ മീറ്റിൽ പങ്കെടുക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

### പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ കുറവ്

7564

**ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ പദ്ധതി നടത്തിപ്പിന് ആവശ്യമായ ജീവനക്കാരില്ലാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഞ്ചായത്തിലെ ജീവനക്കാരുടെ കുറവ് നികത്തുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ജീവനക്കാരുടെ കുറവ് നിലനിൽക്കുമ്പോൾ നിരവധി സ്പെഷ്യൽ ഓർഡറുകൾ വഴി ജീവനക്കാരെ മാനദണ്ഡങ്ങൾ ലംഘിച്ച് സ്ഥലം മാറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ള സ്ഥലം മാറ്റമാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സ്ഥലം മാറ്റ നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ എന്ത്കൊണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>കാക്കൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ഭവനശ്രീ പദ്ധതി പ്രകാരം അനുവദിച്ച ലോൺ</u>

7565

ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ, മേലെപുളിക്കൽ വീട്, കാക്കൂർ പി. ഒ., ശ്രീ. ഗിരീഷ് കുമാർ, ശ്രീമതി സുനിത എൻ. എം. എന്നിവർ ചേർന്ന് കാക്കൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ഭവനശ്രീ പദ്ധതി പ്രകാരം ലോൺ എടുത്തിട്ടുണ്ടോ;

(ബി) ഭവനശ്രീ പദ്ധതി പ്രകാരമുള്ള വായ്പ കാക്കൂർ ഗ്രാമപഞ്ചായത്തിൽ ഈ കാലയളവിൽ എഴുതിത്തള്ളിയിട്ടുണ്ടോ;

(സി) കാക്കൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ശ്രീ.ഗിരീഷ്കുമാറിനും, ശ്രീമതി സുനിതയ്ക്കും നൽകിയ വായ്പ എഴുതിത്തള്ളണമെന്നാവശ്യപ്പെട്ട് കുടുംബശ്രീ മിഷന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്മേൽ എന്തു തീർപ്പ് കല്പിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ദേശീയ സാമൂഹിക സഹായ പദ്ധതി**

**7566** **ശ്രീ. വി.ഡി. സതീശന്‍**
**'' കെ. അച്ചുതന്‍**
**'' വി.റ്റി. ബല്‍റാം**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദേശീയ സാമൂഹിക സഹായ പദ്ധതികളുടെ പ്രയോജനം അര്‍ഹരായ എല്ലാവര്‍ക്കും ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പുവരുത്താന്‍ എന്തെല്ലാം സംവിധാനങ്ങളാണ് ഏര്‍പ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇക്കാര്യം ഉറപ്പുവരുത്തന്നതിനായി കുടുബശ്രീ അയല്‍കൂട്ടങ്ങളെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നല്കാമോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>അംഗൻവാടികളെ ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക്</u>**
**<u>ഉയർത്തുന്നത് കൊണ്ടുള്ള നേട്ടങ്ങൾ</u>**

**7567** ശ്രീ. വർക്കല കഹാർ
,, റ്റി.എൻ. പ്രതാപൻ
,, ആർ. സെൽവരാജ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികളെ ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇത് കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം; വിശദീകരിക്കുമോ;

(സി) അംഗൻവാടികളെ ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയർത്തുന്നതിലൂടെ എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്; വിശദമാക്കുമോ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>ആശ്രയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>**

**7568** ശ്രീ. ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആശ്രയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർബന്ധമായും നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാത്ത പഞ്ചായത്തുകൾക്ക് മറ്റാനുകൂല്യങ്ങൾ നൽകാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;വിശദമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ആശ്രയ പദ്ധതി**

7569 ശ്രീ. സണ്ണി ജോസഫ്
'' എം. പി. വിന്‍സെന്റ്
'' അന്‍വര്‍ സാദത്ത്
'' ബെന്നി ബെഹനാന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ആശ്രയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവര്‍ത്തന രീതിയും എന്തൊക്കെയാണ് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ കാലാവധി നീട്ടാന്‍ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ആശ്രയ പദ്ധതിയില്‍ കൂടുതല്‍ പേരെ ഉള്‍പ്പെടുത്തി വിപുലീകരിക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്താന്‍ നടപടി</u>

7570 ശ്രീ. കെ. മുരളീധരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ സര്‍വ്വീസില്‍ താല്‍ക്കാലിക ജോലി ചെയ്തിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്തുന്നതിനുള്ള ഉത്തരവുകള്‍ പ്രകാരം ഏത് കാലയളവ് വരെ ജോലി ചെയ്തവരെയാണ് ഇതിനകം സ്ഥിരപ്പെടുതതിയിട്ടുള്ളത്;

(ബി) താല്ക്കാലികാടിസ്ഥാനത്തില്‍ ജോലി ചെയ്തു വരുന്ന വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് ഇപ്പോള്‍ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നത്;

(സി) വികലാംഗരായ ജീവനക്കാരുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**അംഗൻവാടികളെ പ്രീ- പ്രൈമറി സ്കൂളുകളാക്കി ഉയർത്തുന്നതിന് നടപടി**

7571 **ശ്രീ. ജോസഫ് വാഴക്കൻ**
**,, കെ. മുരളീധരൻ**
**,, തേറമ്പിൽ രാമകൃഷ്ണൻ**
**,, പാലോട് രവി**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **അംഗൻവാടികളെ പ്രീ- പ്രൈമറി സ്കൂളുകളാക്കി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി തിരഞ്ഞെടുത്ത അംഗൻവാടികളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നകാര്യം ആലോചിക്കുമോ; വിശദാംശം നൽകുമോ;**

(ബി) **ഏതെല്ലാം വകുപ്പുകളുമായി ചേർന്നാണ് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?**

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**വനിതാ കമ്മീഷന്റെ ലക്ഷ്യങ്ങൾ**

7572 ശ്രീ. പാലോട് രവി
,, ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനിതാ കമ്മീഷന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) സ്ത്രീകൾക്ക് നീതി ഉറപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് വനിതാ കമ്മീഷൻ ആസൂത്രണം ചെയ്തിട്ടുള്ളത്;

(സി) കുടുംബ ബന്ധങ്ങൾ ദൃഢപ്പെടുത്തുന്നതിനും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും സഹായകരമായ പദ്ധതികൾക്ക് രൂപം നൽകുമോ; വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കാൻ നടപടി**

7573 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി കെട്ടിടങ്ങളിൽ ഭൂരിഭാഗവും ഷെഡ്ഡുകളിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യവും അവയുടെ ശോച്യാവസ്ഥയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അംഗൻവാടിക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഇപ്പോൾ ഏതെല്ലാം പദ്ധതികളാണ് നിലവിലുളളതെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ പദ്ധതിയിലൂടെ അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>ഇന്ദിരാഗാന്ധി ദേശീയ വയോജന പെന്‍ഷന്‍</u>**

**7574 ശ്രീ. ഇ. പി. ജയരാജന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഇന്ദിരാഗാന്ധി ദേശീയ വയോജന പെന്‍ഷന്‍ ലഭിക്കുന്ന എത്ര വൃദ്ധജനങ്ങളാണു സംസ്ഥാനത്തുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര വയസ്സുകഴിഞ്ഞവര്‍ക്കാണ് പ്രസ്തുത പെന്‍ഷന്‍ ആനുകൂല്യം നല്‍കുന്നതെന്നും പെന്‍ഷന്‍ തുക എത്രയെന്നും അറിയിക്കാമോ;

(സി) ഇന്ദിരാഗാന്ധി ദേശീയ വയോജന പെന്‍ഷന്‍ പദ്ധതിയില്‍ ഉള്‍പ്പെട്ടിട്ടുള്ള 80 വയസ്സുകഴിഞ്ഞവര്‍ക്ക് പെന്‍ഷന്‍ നിരക്കില്‍ വര്‍ദ്ധന വരുത്തിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ഡി) എങ്കില്‍ 80 വയസ്സുകഴിഞ്ഞവര്‍ക്ക് വര്‍ദ്ധിപ്പിച്ച നിരക്കിലുള്ള പെന്‍ഷന്‍ തുക നല്‍കുവാന്‍ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) എങ്കില്‍ 80 വയസ്സുകഴിഞ്ഞ എത്ര പേര്‍ക്ക് വര്‍ദ്ധിപ്പിച്ച നിരക്കിലുള്ള പെന്‍ഷന്‍ ലഭിച്ചുതുടങ്ങിയെന്നു വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>വീട്ടമ്മമാർക്ക് പെൻഷൻ</u>

7575 ശ്രീ. കെ. അച്ചുതൻ
,, വി. ഡി. സതീശൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വീട്ടമ്മമാരുടെ ജോലിഭാരം പരിഗണിച്ച് അവർക്ക് പെൻഷനും മറ്റ് ധനസഹായവും നൽകുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;വിശദാംശം നൽകാമോ;

(ബി) വനിതാ കമ്മിഷൻ മുഖേന ഇത് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകാമോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

വിധവകളുടെ പെൺമക്കൾക്ക് നൽകുന്ന ധനസഹായം

7576 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിധവകളുടെ പെൺമക്കൾക്ക് വിദ്യാഭ്യാസത്തിനും വിവാഹത്തിനും എന്തെല്ലാം ധനസഹായങ്ങളാണ് നൽകി വരുന്നത്; വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**വികലാംഗരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും പദ്ധതികൾ**

T 7577 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വികലാംഗരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് പറയുമോ ;

(ബി) നിലവിൽ എത്ര രൂപയാണ് വികലാംഗ പെൻഷൻ നൽകുന്നത് ; ഇത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണെന്ന് ബോധ്യമായിട്ടുണ്ടോ ; എങ്കിൽ പെൻഷൻ ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) സർക്കാർ സംവരണം ലഭിക്കുന്നതിന് കുറഞ്ഞത് എത്ര ശതമാനം വൈകല്യമാണ് വേണ്ടതെന്ന് അറിയിക്കുമോ ; ആരോഗ്യ വകുപ്പിൽ ഇതിൽ താഴെ വൈകല്യമുള്ളവർക്ക് വികലാംഗ ക്വോട്ടയിൽ നിയമനം നടത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനെതിരെ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>വികലാംഗർക്ക് വായ്പാ തിരിച്ചടവിൽ ആനുകൂല്യം</u>

7578 ശ്രീ. വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികലാംഗ കോർപ്പറേഷനിൽ നിന്നും വായ്പകൾ അനുവദിക്കുന്നതിനുളള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വായ്പ കുടിശിക വരുത്തിയവരിൽ നിന്നും തുക ഈടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(സി) കാർഷിക കടാശ്വാസ പരിധിയിൽ ഉൾപ്പെട്ടിട്ടുളള കാർഷിക വായ്പകളിൽ കൃഷിനാശത്തെത്തുടർന്ന് തിരിച്ചടവിൽ വീഴ്ച വരുത്തിയ വികലാംഗർക്ക് ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഇ) വീഴ്ച വരുത്തിയവർക്കെതിരെ സ്വീകരിച്ചിരിക്കുന്ന റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**എ. ഡി. ഐ. പി പ്രകാരം വികലാംഗർക്കുള്ള സഹായ ഉപകരണങ്ങൾ**

**7579**

**ശ്രീ. വി. പി. സജീന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ എ. ഡി. ഐ. പി. പദ്ധതി പ്രകാരം വികലാംഗർക്ക് എന്തൊക്കെ സഹായ ഉപകരണങ്ങളാണ് വിതരണം ചെയ്യാറുളളത്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം 2008-09, 2009-10, 2010-11 വർഷങ്ങളിൽ എത്ര രൂപയുടെ ഉപകരണങ്ങൾ വിതരണം ചെയ്തു;

(സി) ഈ ഉപകരണങ്ങൾ ഏതൊക്കെ കമ്പനികളിൽ നിന്നാണ് വാങ്ങിയത്;

(ഡി) ആയത് വാങ്ങുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച എല്ലാ ക്വട്ടേഷനുകളുടെയും പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**<u>വികലാംഗർക്ക് സഹായ ഉപകരണങ്ങൾ</u>**

**7580 ശ്രീ. വി. പി. സജീന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികലാംഗ കോർപ്പറേഷൻ 2008-09, 2009-10 എന്നീ വർഷങ്ങളിൽ ഓരോ വർഷവും എത്ര വികലാംഗർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത ഉപകരണങ്ങൾ സൗജന്യമായാണോ വിതരണം ചെയ്യുന്നത്;

(സി) ഓരോ വർഷവും സഹായ ഉപകരണം ലഭിച്ച ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള മേൽവിലാസങ്ങളുടെ പട്ടിക ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**<u>മക്കളില്ലാത്ത ദമ്പതികളുടെ ക്ഷേമത്തിനായി പദ്ധതി</u>**

T7581 **ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മക്കളില്ലാത്ത ദമ്പതികളുടെ സഹായത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ മക്കളില്ലാത്ത ദമ്പതികളെക്കുറിച്ച് സർവ്വേയും സമഗ്രമായ പഠനവും നടത്തി ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**<u>ദത്തെടുക്കൽ നിയമത്തിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിന് നടപടി</u>**

T 7582 **ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ദത്തെടുക്കൽ നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ദമ്പതിമാർക്ക് കുഞ്ഞുങ്ങളെ ദത്ത് നൽകുന്നതിനുള്ള അധികാരം ദമ്പതിമാർ താമസിക്കുന്ന സ്ഥലത്തെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് വ്യവസ്ഥ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**അടൂർ നിയോജകമണ്ഡലത്തിലെ അനാഥാലയങ്ങൾ**

**7583** **ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര അംഗീകൃത അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അനാഥാലയങ്ങളിൽ ഓരോന്നിലുമുള്ള അന്തേവാസികളുടെ എണ്ണം സ്ത്രീകൾ/പുരുഷൻമാർ/കുട്ടികൾ എന്നിങ്ങനെ ഇനം തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളുടെ ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ സാമ്പത്തിക സഹായ പദ്ധതി പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് അറിയിക്കുമോ;

(ഡി) അംഗീകൃത അനാഥാലയങ്ങളുടെ പ്രവർത്തനത്തിനായി നിലവിൽ എന്തെല്ലാം പദ്ധതികൾ ഉണ്ടെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ഓർഫനേജ് കൺട്രോൾ ബോർഡിലെ**
**വിവിധ തസ്തികകൾ**

7584 **ശ്രീ. പി. റ്റി. എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഓർഫനേജ് കൺട്രോൾ ബോർഡിൽ ഏതെല്ലാം തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ; അവ നിലവിലുണ്ടോ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ</u>

7585 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാമിഷൻ മുഖേന നടപ്പാക്കുന്ന ക്ഷേമ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന ഓരോ പദ്ധതിക്കും നീക്കിവച്ചിട്ടുള്ള തുക എത്രയെന്നും നാളിതുവരെ എന്തു തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ചെലവിട്ട തുക എത്രയാണെന്നും എത്ര പേർക്ക് ആയതിന്റെ പ്രയോജനം ലഭിച്ചുവെന്നും വ്യക്തമാക്കാമോ?

**കേരള നിയമസഭ**

**17.07.2012 -ലെ മറുപടിക്ക്**

**<u>സാമൂഹ്യ സുരക്ഷാമിഷൻ നല്കുന്ന ധനസഹായം</u>**

**7586**

**ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതികളിൽ നിന്നും ധനസഹായം നല്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ധനസഹായത്തിനുള്ള അപേക്ഷകൾ ആർക്കാണ് സമർപ്പിക്കേണ്ടത്; അപേക്ഷയോടൊപ്പം എന്തെല്ലാം രേഖകളാണ് ഉളളടക്കം ചെയ്യേണ്ടത്;

(ഡി) സാമൂഹ്യസുരക്ഷാ മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നകാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>അംഗൻവാടികളുടെ ജില്ല തിരിച്ചുള്ള കണക്ക്</u>

7587 **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിലവിലുള്ള അംഗൻവാടികളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**എല്ലാ നിയോജക മണ്ഡലങ്ങളിലും മാതൃകാ അംഗനവാടികൾ സ്ഥാപിക്കുന്ന പദ്ധതി**

**7588** **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എല്ലാ നിയോജക മണ്ഡലങ്ങളിലും മാതൃകാ അംഗനവാടികൾ സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം ഒരു അംഗനവാടിക്ക് ലഭ്യമാകുന്ന ഭൗതിക സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി കൂടുതൽ അംഗനവാടികളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**അംഗൻവാടി ജീവനക്കാരുടെ ആനുകൂല്യങ്ങൾ**

7589 **ശ്രീ. ബി.ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പത്ത് വർഷത്തിൽ കുറയാതെ ജോലി ചെയ്ത അംഗൻവാടി വർക്കർക്ക് 500 രൂപയും, ഹെൽപ്പർക്ക് 300 രൂപയും എന്നീ ക്രമത്തിൽ അനുവദിച്ചിട്ടുള്ള പെൻഷൻ, സർവ്വീസ് ദൈർഘ്യം അനുസരിച്ച് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) 30 വർഷം വരെ സർവ്വീസുള്ളവരും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നതു കൊണ്ട് സർവ്വീസ് കാലയളവിന് ആനുപാതികമായ പെൻഷൻ നിശ്ചയിക്കുന്നതിനോടുള്ള സർക്കാർ സമീപനം എന്തെന്ന് വ്യക്തമാക്കുമോ; സർവ്വീസിന് ആനുപാതികമായി പെൻഷൻ ഏർപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) അംഗൻവാടി ജീവനക്കാർക്ക് ഇ.എസ്.ഐ, പി.ഇഫ് ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**അംഗൻവാടി വർക്കർ/ഹെൽപ്പർമാരുടെ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം**

7590 **ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംയോജിത ശിശുവികസന പദ്ധതിയിൻ കീഴിൽ ജോലി ചെയ്യുന്ന അംഗൻവാടി വർക്കർ/ഹെൽപ്പർ എന്നിവരുടെ സ്ഥലംമാറ്റം സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് 24.11.2010-ൽ സാമൂഹ്യക്ഷേമവകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന്റെ അന്ത:സത്ത വ്യക്തമാക്കുമോ ;

(ബി) യാത്രാ സൗകര്യം ലഭ്യമല്ലാത്ത ആദിവാസി ഊരുകളിലും വനമേഖലകളിലും ഉൾനാടൻ ഗ്രാമങ്ങളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും തുച്ഛമായ ഓണറേറിയത്തിന് സേവനമനുഷ്ഠിക്കുന്ന അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും സ്ഥലം മാറ്റം നൽകുന്നതിന് മാനദണ്ഡം വേണ്ടതില്ല എന്ന് അഭിപ്രായമുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിലാണോ ഉത്തരവ് റദ്ദ് ചെയ്തത്;

(സി) പ്രസ്തുത ഉത്തരവ് 30.05.2012ലെ ജി.ഒ.(എം.എസ്) നം.31/2012 നമ്പർ ഉത്തരവിലൂടെ റദ്ദു ചെയ്യാനുണ്ടായ കാരണം വ്യക്തമാക്കാമോ ;

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>ഫെയ്ത്ത് ഇന്ത്യാ എന്ന സ്ഥാപനത്തിന് ഗ്രാന്റ് അനുവദിക്കുവാൻ നടപടി</u>

7591 **ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിൽപ്പെട്ട കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായി പ്രവർത്തിക്കുന്ന 'ഫെയ്ത്ത് ഇന്ത്യ' എന്ന സ്കൂളിന് സർക്കാരിൽ നിന്നും യാതൊരു ഗ്രാന്റും ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നൂറിലേറെ കുട്ടികളും 20-ലേറെ ജീവനക്കാരും സ്വന്തമായി ഭൂമിയും കെട്ടിടങ്ങളും ഉള്ള പ്രസ്തുത സ്ഥാപനം നടത്തികൊണ്ടു പോകാൻ ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനം ഏറ്റെടുക്കാൻ തയ്യാറാകുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനത്തിന് ഗ്രാന്റ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

### ഔവർ റെസ്പോൺസിബിൾ കെയർ പദ്ധതി

7592

**ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന 'ഔവർ റെസ്പോൺസിബിൾ കെയർ' പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ, എവിടെയെല്ലാമാണ് നടപ്പിലാക്കുന്നത്; വ്യക്തമാക്കാമോ; ഈ പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് കുട്ടികളുടെ ക്ഷേമത്തിനായി കമ്മീഷൻ രൂപികരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടികൾ സ്വീകരിക്കുമോ; കമ്മീഷൻ നിലവിലുണ്ടെങ്കിൽ പ്രസ്തുത കമ്മീഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ശിശുക്ഷേമ സംഘങ്ങൾ**

7593 ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഗീതാ ഗോപി
,, ഇ. എസ്. ബിജിമോൾ
ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാഥകുട്ടികളേയും മറ്റും സംരക്ഷിക്കുന്ന എത്ര ശിശുക്ഷേമ സംഘങ്ങളുണ്ട്; ഇതിൽ സ്വകാര്യ മേഖലയിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ശിശുക്ഷേമ സംഘങ്ങൾക്ക് സർക്കാർ തലത്തിൽ സഹായങ്ങൾ നൽകുന്നുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ശിശുക്ഷേമ സംഘങ്ങളിലെല്ലാം കൂടി ആകെ എത്ര കുട്ടികളുണ്ട്; ഈ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>സബല പദ്ധതി</u>

7594 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) അംഗന്‍വാടി കേന്ദ്രങ്ങള്‍ വഴി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കേന്ദ്രങ്ങള്‍ വഴി നടപ്പിലാക്കുന്ന സബല പദ്ധതി ഏതെല്ലാം ജില്ലകളില്‍ നടപ്പിലാക്കിയിട്ടുണ്ട് ;

(സി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

### ആലപ്പുഴ ജില്ലയിൽ മാതൃകാ അംഗൻവാടി

7595 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃകാ അംഗൻവാടികൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് പ്രസ്തുത അംഗൻവാടികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ആറ്റിങ്ങൽ മണ്ഡലത്തിൽ മാതൃകാ അംഗൻവാടി**

**7596 ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ 14.05.2012 തീയതിയിലെ സ.ഉ(സാധാ) നം.241/2012/സാക്ഷേവ പ്രകാരം ഉത്തരവിട്ട 31 മാതൃകാ അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നു ആരംഭിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത് ഏത് ഏജൻസിയാണ്;

(സി) ആറ്റിങ്ങൽ മണ്ഡലത്തിൽ ഏത് ഗ്രാമപഞ്ചായത്തിലണ് മാതൃകാ അംഗൻവാടി നിർമ്മിക്കുന്നത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ബാങ്ക് മുഖേനയുള്ള ക്ഷേമ പെൻഷൻ വിതരണം**

**7597 ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകൾ ബാങ്കുവഴി വിതരണം ചെയ്യുന്നതിനുള്ള തീരുമാനം എന്നാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ബാങ്ക് അക്കൗണ്ട് നിർബന്ധമാക്കുന്നതുമൂലം ഗുണഭോക്താക്കൾക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ കണക്കിലെടുത്ത് പ്രസ്തുത തീരുമാനം പുന:പരിശോധിക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>സർക്കാർ ഉത്തരവ് ലഭ്യമാക്കാൻ നടപടി</u>

7598 **ശ്രീ. ഹൈബി ഈഡൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജി. ഒ.(എം. എസ് )111/71/എൽ. എ. ഡി തീയതി 27-07-1971 എന്ന സർക്കാർ ഉത്തരവ് ഗവൺമെന്റ് പ്രസ് വഴി പുറത്തിറക്കിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) വിശദാംശങ്ങൾ നൽകാമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി - ഇൻ - ചാർജ്ജ്
2012 ജൂലൈ 8.

□൦□ ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.